## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2141 — 08.03.2018- ൽ മറുപടിയ്ക്ക്

### ഭക്ഷണ കാന്റീനുകൾ നടത്താൻ ജീവനക്കാരുടെ സഹകരണ സംഘങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജില്ലാ കളക്ടേറ്റുകൾ, സെക്രട്ടേറിയറ്റ് ഉടങ്ങിയ സർക്കാർ സ്ഥാപനങ്ങളിലെ ഭക്ഷണ കാന്റീനുകൾ നടത്താൻ ക്വട്ടേഷനുകൾ ക്ഷണിക്കുമ്പോൾ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകുന്ന രീതി നിലവിലുണ്ടോ; | (എ) | ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകുന്ന രീതി നിലവിലില്ല. സെക്രട്ടേറിയറ്റിലെ ഭക്ഷണ കാന്റീൻ നടത്തി വരുന്നത് ജീവനക്കാർ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഉൾപ്പെട്ട മാനേജിംഗ് കമ്മിറ്റിയാണ്. |
| (ബി) | ഇത്തരത്തിൽ ജീവനക്കാരുടെ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് കാന്റീനുകൾ നടത്തുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ? | (ബി) | ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് സംഘം ബൈലോയ്ക്ക് വിധേയമായി സ്വന്തം നിലയിൽ കാന്റീനുകൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ജീവനക്കാരുടെ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് കാന്റീനുകൾ നടത്തുന്നതിന് മുൻഗണന നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ